بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 03.12.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

***യൂ.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് അബൂബക്കർ സിദ്ദീഖ്(റ)ന്റെ അനുസ്മരണം ആരംഭിക്കുകയാണ്. ജാഹിലിയ്യാ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് അബ്ദുൽ കഅബ എന്നായിരുന്നു. നബി(സ) അത് മാറ്റി അബ്ദുല്ലാഹ് എന്നാക്കി. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂബക്കർ എന്നും സ്ഥാനപ്പേരുകൾ സിദ്ധീഖ്, അതീഖ് എന്നും ആയിരുന്നു. അദ്ദേഹം ഗജവർഷത്തിന് രണ്ട് വർഷവും ആറ് മാസങ്ങൾക്കുശേഷം എ.ഡി. 573 ൽ ആണ് ജനിച്ചത്. ഖുറൈശ് ഗോത്രമായ ബനൂ തൈം ബിൻ മുർറയുമായാണ് അദ്ദേഹത്തിന് ബന്ധം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉസ്മാൻ ബ്നു ആമിർ എന്നും വിളിപ്പേര് അബൂ ഖുഹാഫ എന്നുമായിരുന്നു. മാതാവിന്റെ പേര് സൽമ ബിൻത് സഖ്ർ ബ്നു ആമിർ എന്നും വിളിപ്പേര് ഉമ്മുൽ ഖൈർ എന്നുമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ വംശാവലി ഏഴാം തലമുറയിൽ മുർറയിൽ എത്തി റസൂലുല്ലാഹ്(സ)യുമായി കൂടിചേരുന്നുണ്ട്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മാതാപിതാക്കൾ ഹദ്റത്ത് അബൂബക്കർ(റ)ന്റെ വഫാത്തിനുശേഷവും ജീവിച്ചിരുന്നു. അവർക്ക് അവരുടെ മകൻ അതായത് അബൂബക്കർ(റ)ന്റെ സ്വത്തവകാശം ലഭിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്കർ(റ)ന്റെ വഫാത്തിനുശേഷം ആദ്യം വഫാത്തായത് അദ്ദേഹത്തിന്റെ മാതാവാണ്. പിന്നീട് അദ്ദേഹത്തിന്റെ പിതാവ് ഹിജ്റ 14 ന് തൊണ്ണൂറ്റി ഏഴാമത്തെ വയസ്സിൽ വഫാത്തായി. അദ്ദേഹത്തിന്റെ പിതാവ് മക്കാ വിജയ വേളയിലാണ് ഇസ്‌ലാം സ്വീകരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ മാതാവ് ആരംഭ കാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു.

റസൂലുല്ലാഹ്(സ)യും സ്വഹാബാക്കളും കൂടി എണ്ണത്തിൽ 38 പേർ ആയിരുന്നപ്പോൾ ആരാധനകൾ ദാറുൽ അർഖമിൽ പരോക്ഷമായിട്ടായിരുന്നു നിർവഹിച്ചിരുന്നത്. അന്ന് അബൂബക്കർ(റ) നബി(സ)യോട് അപേക്ഷിച്ചതിന് ശേഷം നബി(സ)യെ മസ്ജിദ് ഹറമിൽ കൊണ്ടു പോയി. അവിടെ വെച്ച് ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയുണ്ടായി. അവിടെ ഉണ്ടായിരുന്ന ജനം മുസ്‌ലിംകൾക്ക് നേരെ കുതിച്ചു. അവരെ വളരെ ക്രൂരമായി മർദിച്ചു. ഹദ്റത്ത് അബൂബക്കർ(റ)നെ കാലുകൾക്കിടയിൽ ഞെരിച്ചു. എത്രത്തോളമെന്നാൽ അവർക്ക് ഹദ്റത്ത് അബൂബക്കർ(റ)ന്റെ മരണത്തിൽ യാതൊരു സംശയവുമുണ്ടായിരുന്നില്ല. അല്പം ബോധം വന്നപ്പോൾ ഏറ്റവും ആദ്യം നബി(സ) യുടെ വിശേഷമാണ് അന്വേഷിച്ചത്. തന്റെ മാതാവിനെ ഉമർ ബ്നു ഖത്താബിന്റെ സഹോദരി ഉമ്മു ജമീലിന്റെ അടുക്കലേക്ക് അയച്ചു. ഉമ്മു ജമീൽ അബൂബക്കർ(റ)ന്റെ അടുക്കലേക്ക് വന്നു. നബി(സ)യെ കുറിച്ച് അദ്ദേഹത്തിന്റെ മാതാവിന്റെ മുന്നിൽ വെച്ച് സംസാരിക്കാൻ അവർ പരിഭ്രമിച്ചു. അദ്ദേഹത്തിന്റെ മാതാവ് ഈ രഹസ്യം വെളിപ്പെടുത്തുകയില്ലെന്ന് അബൂബക്കർ(റ) ഉറപ്പ് നൽകി. അപ്പോൾ ഉമ്മു ജമീൽ പറഞ്ഞു: നബി(സ) ദാറുൽ അർഖമിൽ സുഖമായിരിക്കുന്നു. അബൂബക്കർ(റ) പറഞ്ഞു: അല്ലാഹുവാണെ! നബി(സ)യുടെ സവിധത്തിൽ ഹാജരാകുന്നതിന് മുമ്പ് ഞാൻ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യുന്നതല്ല. ഹദ്റത്ത് അബൂബക്കർ(റ) അതേ അവസ്ഥയിൽ പരസഹായത്തോടെ ഇഴഞ്ഞു നീങ്ങി റസൂലുല്ലാഹ്(സ)യുടെ സവിധത്തിൽ ഹാജരായി. ആ സമയത്ത് അദ്ദേഹം വളരെ വികാരവിവശനായിരുന്നു. അബൂബക്കർ(റ)ന്റെ ഈ അവസ്ഥ കണ്ട് നബി(സ) അദ്ദേഹത്തെ ചുംബിക്കുന്നതിനായി കുനിഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ) തന്റെ മാതാവിന്റെ സൽപെരുമാറ്റത്തെ കുറിച്ച് അനുസ്മരിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: അങ്ങ് മുഖേന ഇവർ നരകശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടേക്കാം. നബി(സ) ദുആ ചെയ്യുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അവർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ 'അതീഖ്' എന്ന വിളിപ്പേരിനെ സംബന്ധിച്ച് ഹദ്റത്ത് ആഇശ(റ)യുടെ ഒരു ഖൗൽ ഇപ്രകാരം കാണാം, ഒരിക്കൽ നബി(സ)ന്റെ അടു ക്കൽ അബൂബക്കർ വന്നപ്പോൾ നബി(സ) പറഞ്ഞു: اَنْتَ عَتِيْقُ اللّٰهِ مِنَ النَّارِ അതായത് അല്ലാഹു താങ്കളെ നരകശിക്ഷയിൽ നിന്ന് സ്വാതന്ത്ര്യനാക്കിയിരിക്കുന്നു. ചില ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നത് അതീഖ് എന്നത് അദ്ദേഹത്തിന്റെ പേരാണെന്നാണ് എന്നാൽ അത് ശരിയല്ല.

അദ്ദേഹത്തിന്റെ സിദ്ദീഖ് എന്ന മറ്റൊരു വിളിപ്പേരിനെ കുറിച്ച് പറയപ്പെടുന്നത് ജാഹിലിയ്യാ കാലഘട്ടത്തിലാണ് ആ പേര് ലഭിച്ചത് എന്നാണ്. നബി(സ)യുടെ സുവാർത്തകളിൽ ഉടൻ വിശ്വാസമർപ്പിച്ചതിനാൽ ആണ് ഈ പേര് ലഭിച്ചതെന്നും പറയപ്പെടുന്നു. ആഇശ(റ) വിവരിക്കുന്നു:

രാത്രി നബി(സ)യെ ബൈത്തുൽ മുഖദ്ദസിലേക്ക് കൊണ്ടുപോയതിനെ കുറിച്ച് രാവിലെ ജനങ്ങൾ സംസാരിക്കാൻ തുടങ്ങി. അബൂബക്കർ സിദ്ദീഖ്(റ)ന് ആ യാത്രയെ കുറിച്ച് നബി(സ) പറഞ്ഞിരിക്കുന്നു എന്ന അറിവ് ലഭിച്ചപ്പോൾ പറഞ്ഞു: തീർച്ചയായും ഇത് തന്നെയാണ് സത്യം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: അബൂബക്കർ സിദ്ദീഖ്(റ) നബി(സ) പറഞ്ഞത് സ്ഥിരീകരിച്ചപ്പോൾ ജനങ്ങൾ പറഞ്ഞു: യുക്തിക്ക് എതിരായ ഈ കാര്യം താങ്കൾ വിശ്വസിക്കുമോ ? അബൂബക്കർ(റ) പറഞ്ഞു: രാത്രിയും പകലും ഇദ്ദേഹത്തിന് ആകാശത്ത് നിന്ന് ദൈവിക വചനങ്ങൾ അവതരിക്കാറുണ്ട് എന്നും ഞാൻ വിശ്വസിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) ഹദ്റത്ത് അബൂബക്കർ(റ)ന് സിദ്ധീഖ് എന്ന സ്ഥാനപ്പേര് നൽകിയപ്പോൾ അദ്ദേഹത്തിൽ എന്തെല്ലാം മേന്മകളാണ് ഉള്ളതെന്ന് നല്ലവണ്ണം അറിയുന്നവൻ അല്ലാഹു മാത്രമാണ്. ഹദ്റത്ത് അബൂബക്കർ(റ) പുലർത്തിയത് പോലുള്ള സത്യസന്ധതയുടെ ഉദാഹരണം കാണുക ദുഷ്കരമാണ് .

അതീഖ്, സിദ്ദീഖ് കൂടാതെ അബൂബക്കർ സിദ്ദീഖ്(റ)ന്റെ മറ്റു സ്ഥാനപ്പേരുകൾ കൂടിയുണ്ട് ഖലീഫത്തുർറസൂലുല്ലാഹ്, അവ്വാഹുൻ അഥവാ വളരെ അനുകമ്പയുള്ളവനും മൃദുല ഹൃദയനും, അമീറുശ്ശാകിരീൻ അതായത് കൃതജ്ഞത പ്രകടിപ്പിക്കുന്നവരുടെ നേതാവ്,

സാനിയസ്നൈൻ' ഈ വിശേഷസ്ഥാനം നൽകികൊണ്ടാണ് അല്ലാഹു അദ്ദേഹത്തെ സ്മരിച്ചത്. മദീനയിലേക്കുള്ള ഹിജ്റത്തിന്റെ ദൃശ്യം വിവരിക്കുന്ന ഭാഗത്ത് അല്ലാഹുവിന്റെ വചനം ഇപ്രകാരം കാണാം

اِذۡ اَخۡرَجَهُ الَّذِیۡنَ کَفَرُوۡا ثَانِیَ اثۡنَیۡنِ اِذۡ هُمَا فِی الۡغَارِ
اِذۡ یَقُوۡلُ لِصَاحِبِهٖ لَا تَحۡزَنۡ اِنَّ اللّٰهَ مَعَنَا ۚ

സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടു പേരിൽ രണ്ടാമനായിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും ചെയ്തു. (9:40)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) ബുദ്ധിമുട്ടിലും വിഷമത്തിലും അകപ്പെടുമ്പോൾ അല്ലാഹു അബൂബക്കർ(റ) മുഖേന സാന്ത്വനപ്പെടുത്തിയിരുന്നു. അബൂബക്കർ(റ)നെ സിദ്ദീഖ് എന്ന സ്ഥാനപ്പേരുകൊണ്ടും, ഇരുലോകങ്ങളുടെയും പ്രവാചകനായ നബി(സ)യുടെ സാമീപ്യംകൊണ്ടും അനുഗ്രഹിച്ചു. അല്ലാഹു അദ്ദേഹത്തിന് 'സാനിയസ്നൈൻ' അതായത് രണ്ടുപേരിൽ രണ്ടാമൻ എന്ന വിശേഷ പദവി നൽകി അനുഗ്രഹിച്ചു. ഇതുപോലെ പരോക്ഷമായ അവസ്ഥകളെ കുറിച്ച് ഉയർന്നിരുന്ന എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെടുന്ന രീതിയിൽ ഖുർആനിൽ അല്ലാഹു പ്രശംസിച്ച മറ്റൊരാളുടെ പേര് നിങ്ങൾക്ക് കാണാൻ സാധിക്കുമോ ?

അദ്ദേഹത്തിന്റെ മറ്റൊരു സ്ഥാനപ്പേര് സാഹിബുർറസൂൽ എന്നതാണ്. ഒരിക്കൽ അബൂബക്കർ സിദ്ദീഖ്(റ)ന്റെ നിർദേശ പ്രകാരം സൂറ തൗബ പാരായണം ചെയ്യപ്പെടുകയുണ്ടായി. اِذۡ یَقُوۡلُ لِصَاحِبِهٖ എന്ന വചനം എത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ കരഞ്ഞുകൊണ്ട് പറഞ്ഞു: അല്ലാഹുവാണെ! ആ കൂട്ടുകാരൻ ഞാൻ തന്നെയാണ്.

അദ്ദേഹത്തിന്റെ മറ്റൊരു സ്ഥാനപ്പേര് 'ആദമെ സാനി' രണ്ടാം ആദം എന്നാകുന്നു. ഈ സ്ഥാനപ്പേര് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് അദ്ദേഹത്തിന് നൽകിയത്. തന്റെ ഒരു കത്തിൽ അദ്ദേഹം എഴുതുന്നു: അബൂബക്കർ ഇസ്‌ലാമിന്റെ രണ്ടാം ആദമാകുന്നു. സിർറുൽ ഖിലാഫഃ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നു: അല്ലാഹുവാണെ! അദ്ദേഹം ഇസ്‌ലാമിനുവേണ്ടി രണ്ടാം ആദമാകുന്നു. സൃഷ്ടികുലോത്തമൻ മുഹമ്മദ് നബി(സ)യുടെ പ്രകാശങ്ങളുടെ പ്രതിരൂപവുമാകുന്നു.

അദ്ദേഹത്തിന്റെ ഒരു സ്ഥാനപ്പേര് ഖലീലുർറസൂൽ എന്നാണ്. നബി(സ) പറഞ്ഞു: ഞാനാരെയെങ്കിലും സുഹൃത്താക്കുമായിരുന്നെങ്കിൽ അബൂബക്കറിനെ ആക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഖില്ലത് (സുഹൃത്ബന്ധം) എന്ന പദം നാഡീഞരമ്പുകളിൽ അലിഞ്ഞു ചേരുന്ന ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് അല്ലാഹുവിന് മാത്രം അർഹതപ്പെട്ട സ്ഥാനമാണ്. നബി(സ)യുടെ ഈ പരിശുദ്ധ വചനം അർഥമാക്കുന്നത്, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ ആരും പങ്കുചേരുകയില്ല. ഭൗതിക ലോകത്ത് ആരെയെങ്കിലും സുഹൃത്താക്കുകയാണെങ്കിൽ അബൂബക്കർ(റ)നെ ആക്കുന്നതാണ് എന്നാണ്.

അദ്ദേഹത്തിന് അബൂബക്കർ എന്ന വിളിപ്പേര് വരാനുള്ള വ്യത്യസ്ത കാരണങ്ങൾ പറയപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 'ബക്കർ' എന്നത് യുവ ഒട്ടകങ്ങൾക്ക് പറയുന്ന പേരാണ്. അദ്ദേഹം ഒട്ടകങ്ങളുടെ പരിപാലനത്തിലും അവയെ ലാളിക്കുന്നതിലും താല്പര്യമുള്ള ആളായതിനാൽ ആണ് അദ്ദേഹത്തിന് ഈ വിളിപ്പേര് വന്നത്. ചിലർ പറയുന്നത്, അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുന്നതിൽ എല്ലാവരെയും മുൻകടന്നത് കാരണത്താലാണെന്നും ചിലർ പറയുന്നത് ഉന്നത സ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കുന്നതിൽ എല്ലാവരെക്കാളും മുൻപന്തിയിൽ നിൽക്കുന്നത് കൊണ്ട് 'ഇബ്തികാർ' അതായത് മുൻപന്തിയിൽ ഉള്ളവൻ എന്ന അർഥം വരുന്ന വാക്കിൽ നിന്നും അദ്ദേഹത്തിന് അബൂബക്കർ എന്ന പേര് ലഭിച്ചുവെന്നുമാണ്

ഹദ്റത്ത് ആഇശ(റ) ഹദ്റത്ത് അബൂബക്കർ(റ)ന്റെ രൂപം വർണിച്ചുകൊണ്ട് പറയുന്നു: അദ്ദേഹം വെളുത്തു മെലിഞ്ഞ ശരീരപ്രകൃതമുള്ളയാളും വളഞ്ഞ അരക്കെട്ടും ഉയർന്ന നെറ്റിത്തടവുമുള്ളയാളായിരുന്നു. കവിൾ തടങ്ങളിൽ മാംസം കുറവായിരുന്നു. കണ്ണുകൾ ഉള്ളിലേക്ക് പതിഞ്ഞ നിലയിലായിരുന്നു. അദ്ദേഹം മൈലാഞ്ചി കൊണ്ടും കത്തം (ഉയർന്ന പർവതത്തിൽ കണ്ടുവരുന്ന ഒരു ചെടി) കൊണ്ടും ഡൈ ചെയ്തിരുന്നു. അദ്ദേഹം സൗമ്യശീലനും

തന്റെ സമുദായത്തിന് അദ്ദേഹം സ്വീകാര്യനും പ്രിയങ്കരനുമായിരുന്നു. അദ്ദേഹത്തിന്റെ ഉപജീവന മാർഗം കച്ചവടമായിരുന്നു. ആരെയും ആകർഷിക്കുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വവും അതുല്യമായ ഉന്നത സ്വഭാവഗുണങ്ങളും അദ്ദേഹത്തിന്റെ കച്ചവട വിജയത്തിൽ മുഖ്യപങ്ക് വഹിച്ചിരുന്നു. റസൂൽ(സ)ന്റെ നിയോഗ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ)ന് മൂലധനമായി നാൽപതിനായിരം ദിർഹം ആണ് ഉണ്ടായിരുന്നത്.

ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ഉന്നതമായ സ്വഭാവഗുണങ്ങൾ കാരണത്താലും, സാമ്പത്തികമായി ഉന്നതിയിലായിരുന്നത് കൊണ്ടും ഖുറൈശികളിൽ ഉന്നത സ്ഥാനമുണ്ടായിരുന്നു. അദ്ദേഹം ഖുറൈശികളിൽ നേതാക്കളിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തോട് അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. അദ്ദേഹം എല്ലാവരെക്കാളും ഏറ്റവും പരിശുദ്ധനും നന്മയുള്ള ആളുമായിരുന്നു.

അദ്ദേഹം ബഹുമാന്യനും ഉദാരമതിയുമായ നേതാവായിരുന്നു. ഒരുപാട് ധനം അദ്ദേഹം ചെലവഴിച്ചിരുന്നു. അദ്ദേഹം തന്റെ സമുദായത്തിലെ ജനപ്രിയനും എല്ലാവർക്കും പ്രിയങ്കരനുമായിരുന്നു. സ്വപ്നദർശനങ്ങളുടെ വ്യാഖ്യാനത്തെ കുറിച്ചുള്ള അഗാധമായ അറിവ് അദ്ദേഹത്തിന് കരസ്ഥമായിരുന്നു. അതുപോലെ വംശാവലിയെ പറ്റിയും അദ്ദേഹത്തിന് അത്ഭുതകരമായ അറിവാണുണ്ടായിരുന്നത്. ഇസ്‌ലാമിന് മുമ്പ് കൊല്ലപ്പെടുന്നവരുടെ ബന്ധുക്കൾക്ക് നൽകുന്ന 'ദിയ്യത്ത്' സ്വരൂപിക്കുന്നതിനുള്ള ഉത്തരവാദിത്തം ബനൂ തയ്മ് ബിൻ മുർറ എന്ന ഗോത്രത്തിനായിരുന്നു. അബൂബക്കർ(റ) യുവാവായപ്പോൾ ഈ ഉത്തരവാദിത്തം അദ്ദേഹത്തിൽ ഏല്പിക്കപ്പെട്ടു. ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും സഹായിക്കുന്നതിനുവേണ്ടി ആരംഭിച്ച ഹിൽഫുൽ ഫുളൂലിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. നിയോഗത്തിന് മുമ്പ് തന്നെ നബി(സ)യോട് പ്രത്യേകമായ സ്നേഹബന്ധവും, നിഷ്കളങ്കമായ ബന്ധവുമാണ് ഉണ്ടായിരുന്നത്. ഒരുപാട് കച്ചവടങ്ങളിൽ ഒരുമിച്ച് യാത്ര ചെയ്യാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി.

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പറയുന്നു: നബി(സ)യുമായുള്ള ബന്ധത്തിൽ അബൂബക്കർ(റ)ന് പ്രഥമ സ്ഥാനമായിരുന്നു. ജാഹിലിയ്യാ കാലഘട്ടം മുതൽ അദ്ദേഹത്തിന് ശിർക്കിനോട് വെറുപ്പായിരുന്നു. ഒരിക്കലും ഒരു ബിംബത്തിനു മുമ്പിലും സുജൂദ് ചെയ്തിട്ടില്ല. അതേപോലെ ജാഹിലിയ്യാ കാലഘട്ടത്തിലും അദ്ദേഹത്തിന് മദ്യത്തോട് വെറുപ്പായിരുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഇസ്‌ലാം സ്വീകരണ സംഭവം ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു. ഒരു ദിവസം ഹദ്റത്ത് അബൂബക്കർ(റ) ഹകീം ബ്നു ഹിസാമിന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഹകീമിന്റെ അടിമ സ്ത്രീ പറഞ്ഞു: താങ്കളുടെ പിതൃസഹോദരി ഖദീജ പറയുന്നു: അവരുടെ ഭർത്താവ് മൂസയെപോലെ നബി ആയി നിയോഗിതനായിരിക്കുന്നുവെന്ന്. ഇത് കേട്ടപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) നിശബ്ദനായി അവിടെ നിന്ന് എഴുന്നേറ്റ് നബി(സ)യുടെ അടുത്തേക്ക് പോയി ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി.

സീറത്ത് ഇബ്നു ഹിശാമിന്റെ വ്യാഖ്യാനഗ്രന്ഥമായ അർറൗളുൾ ഉൻഫിൽ ഇപ്രകാരം ഒരു വിവരണം കാണാം: അതായത് ചന്ദ്രൻ മക്കയിൽ പതിച്ചതായി അബൂബക്കർ(റ) സ്വപ്നത്തിൽ കാണുകയുണ്ടായി. അതിന്റെ കഷ്ണങ്ങൾ തെറിച്ചു എല്ലാ ഭാഗങ്ങളിലേക്കും എല്ലാ വീടുകളിലും എത്തിയിരിക്കുന്നു. പിന്നീട് ആ കഷ്ണങ്ങളെല്ലാം അദ്ദേഹത്തിന്റെ മടിയിൽ സ്വരൂപിക്കപ്പെട്ടിരിക്കുന്നു.

'സുബുലുൽ ഹുദാ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെട്ടുകിടക്കുന്നു, അബൂബക്കർ(റ) കച്ചവടത്തിനായി ശാമിലേക്ക് പോയ സമയത്ത് അവിടെ വെച്ച് അദ്ദേഹം ഒരു സ്വപ്നം കണ്ടു. ബഹീറ എന്ന ക്രിസ്ത്യൻ പുരോഹിതൻ ആ ദർശനത്തെ വ്യാഖ്യാനിച്ചുകൊണ്ടു പറഞ്ഞു: നിങ്ങളുടെ സമുദായത്തിൽ ഒരു നബി അവതരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് താങ്കൾ അദ്ദേഹത്തിന്റെ മന്ത്രിയും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ ഖലീഫയുമായിരിക്കും.

ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു: ഇതുമായി ബന്ധപ്പെട്ട് ഇനിയും നിവേദനങ്ങൾ ഉണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَ نَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 03.12.2021

Malayalam Translation: **Moulavi Muhammed Salih Kodungallur** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**